# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ഫെബ്രുവരി 6, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

മറുപടി നൽകുന്ന മന്ത്രിമാർ
മുഖ്യമന്ത്രി
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

<u>ക്രിമിനൽ നീതി നിർവ്വഹണ സംവിധാനത്തിന്റെ വിശ്വാസ്യത</u>

*451 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, പി. ശ്രീരാമകൃഷ്ണൻ
,, രാജു എബ്രഹാം
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊരാളെയും ഏത് കേസിലും എപ്പോഴും പ്രതിയാക്കാമെന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴത്തെ ക്രിമിനൽ നീതിനിർവ്വഹണ സംവിധാനത്തിൽ ഉണ്ടായിരിക്കുന്നതെന്ന ആക്ഷേപം പരിഗണിച്ചിട്ടുണ്ടോ ;

(ബി) പോലീസ് അന്വേഷണം രാഷ്ട്രീയ പ്രേരിതവും വൈരനിര്യാതന ബുദ്ധിയോടും കൂടിയായിരിക്കുന്നതിനാലാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന ആക്ഷേപം പരിഗണിച്ചിട്ടുണ്ടോ ;

(സി) പോലീസ്സേനയെ ഈ നിലയിൽ ഉപയോഗിച്ചാൽ ക്രിമിനൽ നീതിനിർവ്വഹണ സംവിധാനത്തിന്റെ വിശ്വാസ്യതയ്ക്കും സ്വീകാര്യതയ്ക്കും കോട്ടം തട്ടുമെന്നകാര്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>പതിനാലാം ധനകാര്യ കമ്മീഷൻ മുൻപാകെ സമർപ്പിച്ച നിവേദനം</u>

*452 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളോട് 14-ാം ധനകാര്യ കമ്മീഷൻ എന്തെങ്കിലും പ്രകികരണം അറിയിച്ചിട്ടുണ്ടോ;

(ബി) വിവിധ രാഷ്ടീയ പാർട്ടികളുടെ പ്രതിനിധികൾ ധനകാര്യക്കമ്മീഷൻ മുൻപാകെ നൽകിയ നിവേദനങ്ങൾ ക്രോഡീകരിച്ചു സമർപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിന്റെ കൈവശമുള്ള വനഭൂമി</u>

*453

ശ്രീ. പി. കെ. ബഷീർ
,, സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് കമ്പനിയാക്കുന്നതോടെ വൈദ്യുതി ബോർഡിന്റെ ഉപയോഗത്തിലുണ്ടായിരുന്ന വനഭൂമിയുടെ കാര്യത്തിൽ എന്തു നടപടിക്രമം സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ വൈദ്യുതി ബോർഡിന്റെ ഉപയോഗത്തിലുള്ള വനഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിലത് എത്ര വരുമെന്ന് വ്യക്തമാക്കുമോ;

(സി) പൊതുസ്വത്തായ ജലോപയോഗം, ജലവൈദ്യുത പദ്ധതിക്കുപയോഗിക്കുന്ന വനഭൂമി, വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള റവന്യൂഭൂമി എന്നീ പൊതുസ്വത്തുക്കളുടെ കാര്യത്തിൽ കൈമാറ്റക്കരാറിൽ വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>മലയാളം ഒന്നാം ഭാഷയാക്കുന്നതിൽ നിന്നും പിന്മാറാനുള്ള തീരുമാനം</u>

*454 ഡോ. കെ. ടി. ജലീൽ
ശ്രീ. പുരുഷൻ കടലുണ്ടി
,, വി. ശിവൻകുട്ടി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലി നേടാൻ പത്താംതരം വരെയെങ്കിലും മലയാളം പഠിച്ചിരിക്കുകയോ, അല്ലെങ്കിൽ ഒരു യോഗ്യതാ പരീക്ഷ ജയിച്ചിരിക്കുകയോ വേണമെന്ന പി. എസ്.സി അംഗീകരിച്ച വ്യവസ്ഥ വേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധമായ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) മലയാളം ഒന്നാം ഭാഷയാക്കിക്കൊണ്ടുള്ള തീരുമാനത്തിൽ നിന്നും പിന്മാറാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മലയാളം നിർബന്ധമാക്കാൻ എടുത്ത തീരുമാനം നടപ്പാക്കാതിരിക്കാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തായിരുന്നു?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സാമൂഹ്യവിരുദ്ധ പ്രവര്‍ത്തനങ്ങള്‍ (തടയല്‍) നിയമത്തിന്റെ ദുരുപയോഗം</u>

*455 ശ്രീ. റ്റി. വി. രാജേഷ്
,, എം. എ. ബേബി
,, ജെയിംസ് മാത്യു
,, എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യവിരുദ്ധ പ്രവര്‍ത്തനങ്ങള്‍ (തടയല്‍) നിയമം സര്‍ക്കാരിന്റെ പ്രഖ്യാപിത നിലപാടുകള്‍ക്ക് വിരുദ്ധമായും തെറ്റായി വ്യാഖ്യാനിച്ചും കള്ളക്കേസുകളുടെ പിന്‍ബലത്തിലും യുവജന-വിദ്യാര്‍ത്ഥി പ്രവര്‍ത്തകര്‍ക്കു നേരെ പ്രയോഗിച്ചുവരുന്നതായി പരാതികള്‍ ലഭിച്ചിട്ടുണ്ടോ;

(ബി) രാഷ്ട്രീയപ്രവര്‍ത്തകര്‍ക്കെതിരെ രാഷ്ട്രീയ സമരങ്ങളുടെ ഭാഗമായി എടുക്കപ്പെട്ട കേസുകളുടെ ബലത്തില്‍ കാപ്പ നിയമം ദുര്‍വിനിയോഗം ചെയ്യപ്പെടാതിരിക്കാന്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ;

(സി) നിയമത്തിനും സര്‍ക്കാര്‍ ഉറപ്പുകള്‍ക്കും വിരുദ്ധമായി പൊതുപ്രവര്‍ത്തകര്‍ക്കെതിരെ പ്രസ്തുത നിയമപ്രകാരം തെറ്റായ നിലയില്‍ കേസുകള്‍ എടുക്കുന്നവര്‍ക്കെതിരെ നടപടി സ്വീകരിക്കാമോ;

(ഡി) ഇത്തരത്തില്‍ ആക്ഷേപങ്ങള്‍ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഈ നിയമത്തിലെ വ്യവസ്ഥകള്‍ ദുരുപയോഗം ചെയ്ത് ഏതെങ്കിലും യുവജന-വിദ്യാര്‍ത്ഥി പ്രവര്‍ത്തകനെ നാടുകടത്തുകയുണ്ടായോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>സുതാര്യ കേരളം ജില്ലാ സെല്ലിന്റെ പ്രവർത്തനം</u>

*T.456 ശ്രീ. ബെന്നി ബെഹനാൻ
,, റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുതാര്യ കേരളം ജില്ലാ സെല്ലിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എല്ലാ ജില്ലകളിലും സെല്ലിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നകാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യിൽ വിജിലൻസ് സ്ക്വാഡുകളുടെ പ്രവർത്തനം

*457 ശ്രീ. ആർ. സെൽവരാജ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരുമാനചോർച്ച തടയുന്നതിന്റെ ഭാഗമായി കെ.എസ്. ആർ.ടി.സി.യിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി കോർപ്പറേഷനിലെ വിജിലൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തമാക്കുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) സ്ക്വാഡുകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സ്ക്വാഡുകൾക്ക് നിർദ്ദേശങ്ങൾ നൽകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>മദ്യനയം സംബന്ധിച്ച കമ്മീഷൻ</u>

*458 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യനയം സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി കമ്മീഷനെ എന്നാണ് നിയമിച്ചത്;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ബാർലൈസൻസിനുള്ള അനുമതിയ്ക്കായി എത്ര അപേക്ഷകൾ കെട്ടികിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>നീര ഉൽപാദനം</u>

*459 ശ്രീ. സി. കൃഷ്ണന്‍
'' പി. കെ. ഗുരുദാസന്‍
'' വി. ചെന്താമരാക്ഷന്‍
'' കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നീര ഉല്പാദിപ്പിക്കാന്‍ ആര്‍ക്കെല്ലാം എന്തെല്ലാം വ്യവസ്ഥകള്‍ക്ക് വിധേയമായി അനുവാദം നല്കാന്‍ ഉദ്ദേശിക്കുന്നു;

(ബി) കള്ളുചെത്ത് മേഖലയില്‍ സംസ്ഥാനത്ത് പരമ്പരാഗതമായി പ്രവര്‍ത്തിച്ചുവരുന്നവര്‍ക്ക് നീര ഉല്പാദനരംഗത്ത് പ്രത്യേക പരിഗണന നല്‍കാന്‍ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ;

(സി) നീരയുടെ ഉല്പാദനം, ശേഖരണം വിതരണം തുടങ്ങിയവ സംബന്ധിച്ച പദ്ധതി വിശദാംശങ്ങള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>അക്രമപ്രവർത്തനങ്ങൾ തടയുന്നതിന് നടപടി</u>

*460 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, കെ.എം. ഷാജി
,, എം. ഉമ്മർ
,, വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ സംഘടിത അക്രമപ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങളെയും അതിന് നേതൃത്വമോ, പ്രേരണയോ നൽകുന്നവരെയും കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) സ്വതന്ത്രമായ ജനാധിപത്യഭരണരീതി നിലനിൽക്കുന്ന സംസ്ഥാനത്ത് നിരന്തരം ഉണ്ടാകുന്ന ഇത്തരം സംഭവങ്ങൾ കർശനമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) ജനാധിപത്യ മൂല്യത്തിലധിഷ്ടിതമായ ജീവിതക്രമത്തിന് ജനങ്ങളെ പ്രാപ്തരാക്കാൻ ഉതകും വിധം സ്കൂൾതലം മുതലുള്ള വിദ്യാർത്ഥികളിൽ അവബോധം വളർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>വനിതാപോലീസ് സേനയുടെ ശാക്തീകരണം</u>

*461 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് സേനയെ ശാക്തീകരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിനായി സേനയിലെ വനിതാ പ്രാതിനിധ്യം നിശ്ചിത ശതമാനമായി ഉറപ്പിക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ നല്കാമോ;

(സി) വനിതാ പ്രാതിനിധ്യം ഏർപ്പെടുത്തുമ്പോൾ ഏതൊക്കെ തസ്തികകളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>അനധികൃത വാഹനങ്ങൾ കണ്ടെത്തുന്നതിനുള്ള പരിശോധന</u>

*462 ശ്രീ. പി. ബി. അബ്ദുൾ റസാക്
'' കെ. മുഹമ്മദുണ്ണി ഹാജി
'' സി. മോയിൻകുട്ടി
'' പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമാനുസൃത രജിസ്ട്രേഷനോ, രേഖകളോ ഇല്ലാത്ത നിരവധി വാഹനങ്ങൾ നിരത്തുകളിൽ ഓടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;'

(ബി) ഇതു പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഒരേ നമ്പരിൽ ഒന്നിലേറെ വാഹനങ്ങൾ ഓടുന്നുണ്ടെങ്കിൽ കണ്ടു പിടിക്കാൻ സംവിധാനമുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) നിരത്തിലോടുന്ന വാഹനങ്ങളെയെല്ലാം നിരന്തരം നിരീക്ഷിക്കാനും, നിയമാനുസൃതമല്ലാത്ത വാഹനങ്ങളെ തിരിച്ചറിയാനും ഉതകുംവിധം, സ്കാനർ, ഹോളോഗ്രാം പോലുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>വനവിസ്തൃതിയും വന സംരക്ഷണവും</u>

*463 ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ വനഭൂമിയാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് അവസാനമായി കണക്കെടുപ്പ് നടത്തിയത് ഏത് വർഷത്തിലാണ് എന്ന് അറിയിക്കാമോ;

(സി) വനസംരക്ഷണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>അനധികൃത സാമ്പത്തികസ്ഥാപനങ്ങൾക്കെതിരെ നടപടി</u>

*464 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല പേരുകളിൽ സ്ഥാപനങ്ങൾ തുടങ്ങി പൊതുജനങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്ന അനധികൃത സാമ്പത്തികസ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് ആഭ്യന്തരവകുപ്പ് കൈക്കൊള്ളുന്നത്;

(ബി) തട്ടിപ്പിനിരയായവർ പരാതി നൽകിയതിനുശേഷം മാത്രം അന്വേഷണം നടത്തുന്ന പതിവുരീതിക്ക് പകരമായി ഇത്തരത്തിൽ സാമ്പത്തികം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ നിയമാനുസരണമായാണോ പ്രവർത്തിക്കുന്നത് എന്ന് ആഭ്യന്തര വകുപ്പ് പരിശോധിക്കാറുണ്ടോ;

(സി) ഇല്ലെങ്കിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾ പരിശോധിക്കുന്നതിന് ആഭ്യന്തരവകുപ്പ് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കേരളാ പോലീസിന്റെ ആധുനികവത്ക്കരണം</u>

*465 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. എസ്. സുനിൽ കുമാർ
,, കെ. അജിത്
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിനെ ആധുനികവല്ക്കരിക്കുന്നതിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു; അവ ഏതെല്ലാം;

(ബി) ഈ പദ്ധതികളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക ലഭിച്ചു; ഇതിൽ എത്ര വീതം ചെലവഴിച്ചു;

(സി) കുറ്റവാളികളെ പിടികൂടുന്നതിന് ഏതെങ്കിലും രീതിയിലുള്ള ആധുനിക സംവിധാനങ്ങൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ജലജീവികൾക്കായി ആശുപത്രി</u>

*466 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
'' എം. എ. വാഹിദ്
'' തേറമ്പിൽ രാമകൃഷ്ണൻ
'' വി. ടി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സർവ്വകലാശാലയിൽ ജലജീവികൾക്ക് മാത്രമായി ആശുപത്രി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഇതിനായി ദേശിയ ഫിഷറീസ് ഡവലപ്മെന്റ് ബോർഡ് എന്ത് തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ആശുപത്രി തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ്</u>

*467 ശ്രീ. എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ് തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം വിവരങ്ങളാണ് ഡാറ്റാബേസിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

നിലമ്പൂര്‍-വയനാട് വനമേഖലയില്‍ വാസമുറപ്പിച്ച സായുധ സംഘങ്ങള്‍

*468 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പശ്ചിമഘട്ട സംരക്ഷകരെന്ന വ്യാജേന നിലമ്പൂര്‍-വയനാട് വനമേഖലയില്‍ സായുധ സംഘങ്ങള്‍ വേരുറപ്പിക്കുന്നതായുള്ള റിപ്പോര്‍ട്ടുകള്‍ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(ബി) മലയോര മേഖലകളില്‍ ആദിവാസികളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ലഘുലേഖകള്‍ ഇറക്കിയും മറ്റ് നിലയിലും ഇവര്‍ പ്രത്യക്ഷപ്പെടുന്നതായി സര്‍ക്കാരിന് അറിവുണ്ടോ; വനത്തോട് ചേര്‍ന്നുള്ള കോളനികളിലും ജനവാസ കേന്ദ്രങ്ങളിലും ഇവര്‍ ഇടയ്ക്ക് പ്രത്യക്ഷപ്പെടുന്നതായും ജനങ്ങളുമായി സമ്പര്‍ക്കം പുലര്‍ത്തുന്നതായുമുള്ള റിപ്പോര്‍ട്ടുകളുടെ വാസ്തവമെന്താണെന്ന് അന്വേഷിക്കുകയുണ്ടായോ ;

(സി) സംശയകരമായ സാഹചര്യത്തില്‍ ഇതിനകം കണ്ടെത്തപ്പെട്ടവര്‍ സായുധ സംഘങ്ങളുമായി ബന്ധമുള്ളവരാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

**സ്ക്കൂൾ കുട്ടികൾക്കിടയിൽ മദ്യ മയക്കുമരുന്ന് ഉപയോഗം**

*469 ശ്രീ. എൻ. ഷംസുദ്ദീൻ
'' റ്റി. എ. അഹമ്മദ് കബീർ
'' പി. ഉബൈദുള്ള
'' സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ക്കൂൾ കുട്ടികൾക്കിടയിൽ മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം വ്യാപകമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ക്കൂൾ കുട്ടികൾ വൈറ്റ്നർ മണത്തു ലഹരി ആസ്വദിക്കുന്ന കാര്യം എക്സൈസ് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിശദവിവരം നല്കുമോ;

(സി) സ്ക്കൂൾ പരിസരങ്ങളിൽ വിവിധ രൂപങ്ങളിലും, വ്യത്യസ്ത രീതികളിലും മയക്കുമരുന്ന്, മദ്യം എന്നിവ വ്യാപകമായി പുതുതലമുറയെ അവയ്ക്ക് അടിമകളാകുന്ന മാഫിയകളെ നിയന്ത്രിക്കാൻ സ്ക്കൂൾ പരിസര നിരീക്ഷണത്തിനും, വില്പന വിഭവങ്ങൾ പരിശോധിക്കുന്നതിനും വേണ്ട നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

എ. ടി. എം സേവനങ്ങൾക്ക് ഫീസ്

*T.470 ശ്രീ. പുരുഷൻ കടലുണ്ടി
,, വി. ശിവൻകുട്ടി
,, സാജു പോൾ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. ടി. എമ്മുകൾ വഴിയുള്ള ബാങ്കുകളുടെ സേവനങ്ങൾക്കും ഇടപാടിനും പുതുതായി ഫീസ് ഈടാക്കാനും നിലവിലുള്ള സേവനങ്ങൾ പരിമിതപ്പെടുത്താനും ഇന്ത്യൻ ബാങ്ക് അസോസിയേഷൻ നിർദ്ദേശിച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉപഭോക്താക്കളെ കൊള്ളയടിക്കാനുള്ള സ്വകാര്യ ബാങ്കുകളുടെ പ്രസ്തുത നീക്കം റിസർവ്വ് ബാങ്ക് അംഗീകരിക്കാൻ പോകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത നീക്കത്തിനെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കപ്പൽ മാർഗ്ഗം ചരക്ക് നീക്കാൻ പദ്ധതി</u>

*471 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെയും വ്യവസായ ശാലകളുടെയും ചരക്ക് നീക്കം തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തുറമുഖങ്ങളിൽ കൂടി ചരക്ക് നീക്കം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് മൂലം ചരക്ക് നീക്കങ്ങൾക്കുള്ള ചെലവ് കരമാർഗ്ഗത്തേക്കാൾ എത്രത്തോളം കുറയുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയനുസരിച്ച് നൽകുന്ന ഇൻസെന്റീവ് പൊതുമേഖല സ്ഥാപനങ്ങൾക്ക് ബാധകമാകുമോ; വിശദാംശങ്ങൾ നൽകാമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ഗുണനിലവാരം കുറഞ്ഞ പെയിന്റ് വാങ്ങിയതിലൂടെ കെ.എസ്.ആർ.ടി.സിക്കുണ്ടായ നഷ്ടം

*472 ശ്രീ. കെ. രാജു
,, പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരം കുറഞ്ഞ പെയിന്റ് വാങ്ങിയ വകയിൽ കെ.എസ്.ആർ.ടി.സിക്ക് വൻ നഷ്ടം നേരിട്ടതായി വിജിലൻസ് റിപ്പോർട്ട് ഉണ്ടായിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പെയിന്റ് വാങ്ങിയതിലൂടെ കഴിഞ്ഞ രണ്ടര വർഷത്തിനിടയിൽ എത്ര നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കോർപ്പറേഷൻ വാങ്ങുന്ന പെയിന്റിന്റെ ടിന്നിൽ നിർമ്മാണ തീയതി, കാലാവധി, ബാച്ച് നമ്പർ, വില എന്നിവ രേഖപ്പെടുത്തിയിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പെയിന്റിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് കോർപ്പറേഷനിൽ എന്തെല്ലാം സാങ്കേതിക സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഒരു ബസ്സിന് ചായം പൂശാൻ എത്ര ലിറ്റർ പെയിന്റാണ് ഉപയോഗിച്ചിരുന്നത്; ഇപ്പോൾ എത്ര ലിറ്റർ പെയിന്റ് ഉപയോഗിക്കുന്നുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>എക്സൈസ് സേനയ്ക്ക് വയർലസ് സംവിധാനം</u>

*473 ശ്രീ. ജോസഫ് വാഴക്കൻ
,, സണ്ണി ജോസഫ്
,, കെ. മുരളീധരൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് സേനയ്ക്ക് സംസ്ഥാന വ്യാപകമായി പുതിയ വയർലസ് സംവിധാനം ഒരുക്കുവാൻ സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സേനാ നവീകരണ പദ്ധതിയിൽ വയർലസ് സംവിധാനത്തിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന് വരുന്ന ചെലവ് വ്യക്തമാക്കാമോ;

(സി) ഫീൽഡ് ഡ്യൂട്ടിയിൽ ഏർപ്പെടുന്ന എക്സൈസ് ഉദ്യോഗസ്ഥരെ വയർലസ് സംവിധാനത്തിലൂടെ ജില്ലാടിസ്ഥാനത്തിൽ ബന്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) എക്സൈസ് സേനയെ നവീകരിച്ച് ആധുനികവത്ക്കരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ഷെയർ ടാക്സി</u>

*474

ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷെയർ ടാക്സി സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>സ്പോർട്സ് മേഖലയിലെ സഹായം വിതരണം ചെയ്യാൻ ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസം</u>

*475 ശ്രീ. എം. എ. വാഹീദ്
,, സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് താരങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) ധനസഹായങ്ങളും, സ്പോർട്സ് മേഖലയിലെ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റും മറ്റ് സാമ്പത്തിക സഹായങ്ങളും ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസം വഴി വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ചെക്ക് പോയിന്റുകൾ നിർത്തലാക്കിയ നടപടി</u>

*476 ശ്രീ. ഇ. പി. ജയരാജൻ
'' ബി. സത്യൻ
'' എ. എം. ആരിഫ്
'' വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ചെക്ക് പോയിന്റുകൾ നിർത്തലാക്കി വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരം കിഴക്കേകോട്ടയിലേതുൾപ്പെടെ എത്ര ചെക്ക് പോയിന്റുകൾ നിർത്തലാക്കിയെന്നും അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ;

(ഡി) ചെക്ക്പോയിന്റുകൾ നിർത്തിലാക്കിയതുമൂലം തിരുവനന്തപുരം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സ്വകാര്യ ബസ്സുകളുടെ അനധികൃത സർവ്വീസുകൾ വ്യാപകമായതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഇതിന്റെ ഫലമായി കെ. എസ്. ആർ. ടി. സി. നഷ്ടം നേരിടുന്നത് ഇല്ലാതാക്കാനായി ചെക്ക്പോയിന്റുകൾ പുനസ്ഥാപിച്ച് ആവശ്യമായ കർശന പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>വന്യജീവി മേഖലയിലൂടെയുള്ള രാത്രികാലയാത്ര</u>

*477 ശ്രീ. രാജു എബ്രഹാം
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യജീവി മേഖലയിലൂടെയുള്ള രാത്രികാലയാത്ര നിരോധിക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടോ ; പെരിയാർ കടുവാ സങ്കേതത്തിന്റെ പരിധിയിൽ വരുന്ന വനമേഖലകളിലെ ഗതാഗതവും നിയന്ത്രിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിലുള്ള വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) സംസ്ഥാനത്തെ വന്യജീവി വനമേഖലകളിലെ സഞ്ചാരം സംബന്ധിച്ച വിദഗ്ദ്ധ സമിതിയുടെ നിഗമനം വെളിപ്പെടുത്താമോ ;

(ഡി) നിർദ്ദേശം ബാധകമാകുന്ന പ്രദേശങ്ങൾ എതൊക്കെയാണെന്ന് വിശദമാക്കുമോ ; ശബരിമലയെ ഈ നിർദ്ദേശങ്ങളിൽനിന്ന് ഒഴിവാക്കിവിട്ടുണ്ടോ ;

(ഇ) നിർദ്ദേശങ്ങളെ തുടർന്ന് വനംവകുപ്പ് സംസ്ഥാനത്ത് ഇതിനകം കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മത്സ്യസമ്പത്തിന്റെ കുറവ്</u>

*478 ശ്രീ. പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. അജിത്
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മത്സ്യസമ്പത്ത് കുറയാനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കായികതാരങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ</u>

*479 ശ്രീ. എ. കെ. ബാലൻ
,, എസ്. ശർമ്മ
,, കെ. രാധാകൃഷ്ണൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായികതാരങ്ങൾ കായികമേളകളിൽ പങ്കെടുക്കാൻ പോകുമ്പോൾ നേരിടുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള ഹൈക്കോടതി ദേശീയ സ്കൂൾ കായികമേളകളിൽ പങ്കെടുക്കുന്ന താരങ്ങൾക്കുണ്ടാകുന്ന പ്രയാസത്തെ തുടർന്ന് സർക്കാരിനെതിരെ നടത്തിയ രൂക്ഷ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഹൈക്കോടതിയിൽനിന്നും ആർക്കെങ്കിലും ഈ പ്രശ്നത്തിന് നോട്ടീസ് ലഭിക്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാം വിശദമാക്കുമോ ;

(സി) മേളകളിൽ പങ്കെടുക്കുന്ന താരങ്ങളുടെ യാത്രാപ്രശ്നത്തിൽ ഉൾപ്പെടെ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>വിചാരണത്തടവുകാരായി ജയിലുകളിൽ കഴിയുന്ന ആദിവാസികൾ</u>

*T.480 ശ്രീ. ജെയിംസ് മാത്യു
,, വി. ചെന്താമരാക്ഷൻ
,, പുരുഷൻ കടലുണ്ടി
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിചാരണത്തടവുകാരായി ജയിലുകളിൽ കഴിയുന്ന ആദിവാസികളുടെ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) വിചാരണത്തടവുകാരായി കഴിയുന്ന ആദിവാസികൾ ആരോപിക്കപ്പെട്ട കുറ്റത്തിന് ലഭിക്കേണ്ട പരമാവധി ശിക്ഷയെക്കാൾ കൂടുതൽ കാലം തടവിൽ തുടരുന്നതായ വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) അറിവില്ലായ്മ മൂലം തടവിൽ കഴിയേണ്ടി വരുന്ന ആദിവാസികളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവരെ നിയമപരമായി തന്നെ ജയിലിൽ മോചിതരാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) നിയമസഹായം ലഭ്യമാകാത്തതു കാരണം ഇത്തരത്തിൽ തടവിൽ തുടരുന്ന ആദിവാസികൾക്ക് സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 28.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.